II ഇ.ബി. XII- കേരള നിയമസഭ/XVI-3

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2010 ഡിസംബർ 23, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

9 (*61) **മെഡിക്കൽ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം**

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ആരംഭിച്ച മെഡിക്കൽ യൂണിവേഴ്സിറ്റിയിൽ വൈസ് ചാൻസലർ, പ്രോ-വൈസ് ചാൻസലർ, രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ് തുടങ്ങിയ തസ്തികകളിൽ നിയമനം നടത്തുകയും ഗവേണിംഗ് കൗൺസിൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നുണ്ടെന്ന് സഭയെ അറിയിച്ചു. താൽക്കാലിക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആരോഗ്യ സർവ്വകലാശാലയ്ക്ക് ആസ്ഥാന മന്ദിരം സ്ഥാപിക്കുന്നതിന് തൃശ്ശൂർ മെഡിക്കൽ കോളേജ് കാമ്പസ്സിൽ നിന്നും 63.60 ഏക്കർ ഭൂമി നൽകി കഴിഞ്ഞുവെന്നും ഇതിനോട് ചേർന്ന് കിടക്കുന്ന 17.95 ഏക്കർ സ്വകാര്യ ഭൂമി കൂടി സർവ്വകലാശാലയ്ക്ക് വേണ്ടി ഏറ്റെടുക്കാനുള്ള നടപടികൾ നടന്നുവരുന്നുണ്ടെന്നും യൂണിവേഴ്സിറ്റി കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി

ഇതിനകം തന്നെ ടെക്നിക്കൽ കൺസൾട്ടൻസി നൽകി കഴിഞ്ഞിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. ആധുനിക വിവര സാങ്കേതിക വിദ്യാസംവിധാനങ്ങളുടെ സഹായത്തോടെ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം ലളിതവും സുതാര്യവുമാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കെട്ടിട നിർമ്മാണത്തിനും മറ്റുമായി 20 കോടി രൂപയും ദൈനംദിന ചെലവുകൾക്കായി 2.5 കോടി രൂപയും ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ് ഓർഡിനൻസ് 2010 പ്രകാരം ആധുനിക വൈദ്യശാസ്ത്രത്തോടൊപ്പം ആയുർവേദം, ഹോമിയോപ്പതി, സിദ്ധ, യുനാനി, നാച്ചുറോപ്പതി, പാരാമെഡിക്കൽ സയൻസ്, ഡെന്റൽ, ഫാർമസി, നഴ്സിംഗ് എന്നീ മേഖലകളും ഈ യൂണിവേഴ്സിറ്റിയുടെ പ്രവർത്തന പരിധിയിൽപ്പെടുത്തിയിട്ടുണ്ട്. യൂണിവേഴ്സിറ്റി ഓർഡിനൻസിലെ സെക്ഷൻ 50 പ്രകാരം ഓർഡിനൻസ് നിലവിൽ വരുന്നതിന് മുൻപ് സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ സ്ഥാപനങ്ങളും പുതുതായി രൂപീകരിച്ച സർവ്വകലാശാലയിൽ സ്വയമേവ അഫിലിയേറ്റ് ചെയ്യുന്നതിന് യൂണിവേഴ്സിറ്റി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുപ്രകാരം 2010-11 വർഷത്തെ അഫിലിയേഷൻ പൂർത്തിയാക്കുകയും 2011-12 വർഷത്തെ അഫിലിയേഷൻ നടത്താനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 2010-11-ൽ എക്സ്പേർട്ട് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും സർക്കാരിന്റെ എൻ.ഒ.സി ലഭിച്ചതിനെ തുടർന്നും സെൽഫ് ഫൈനാൻസ് മേഖലയിൽ എട്ട് കോളേജുകൾക്കാണ് പ്രൊവിഷണൽ അഫിലിയേഷൻ നൽകിയിട്ടുള്ളത്. ആരോഗ്യ സർവ്വകലാശാലയെ ഒരു പരിസ്ഥിതി സൗഹൃദ

സർവ്വകലാശാലയാക്കി ഗവേഷണത്തിനും നിരീക്ഷണത്തിനും വളരെയേറെ പ്രാധാന്യം കൊടുത്തുകൊണ്ട് മുന്നോട്ട് പോകാനാണ് ഉദ്ദേശിക്കുന്നത്. ആരോഗ്യ വിദ്യാഭ്യാസ മേഖലയിലെ കോഴ്സുകൾക്ക് ആദ്യ വർഷത്തെ സിലബസ് തയ്യാറാക്കി കഴിഞ്ഞിട്ടുണ്ട്. തുടർന്നുള്ള വർഷത്തെ സിലബസ് ക്രോഡീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഈ സർക്കാരിന്റെ കാലയളവിൽ ഏകദേശം നാന്നൂറോളം പുതിയ പി.ജി. സീറ്റുകൾ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും കോട്ടയ്ക്കൽ ആയുർവ്വേദ സർവ്വകലാശാലയെ സെന്റർ ഓഫ് എക്സലൻസായി മാറ്റാൻ കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം ആവശ്യമാണെന്നും നിലവിലുള്ള സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി അടുത്ത മാസം കോലഞ്ചേരിയിൽ വച്ച് എല്ലാ വൈദ്യശാസ്ത്ര ശാഖകളെയും കൂട്ടി യോജിപ്പിച്ചുകൊണ്ട് ഒരു സെമിനാർ സംഘടിപ്പിക്കുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. പുതിയ സെൽഫ് ഫൈനാൻസിംഗ് മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിന് ഗവൺമെന്റ് എൻ.ഒ.സി കൊടുക്കുന്നില്ലെങ്കിൽപ്പോലും സെൽഫ് ഫൈനാൻസിംഗ് മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ് ഫസ്റ്റ് ബാച്ച് കഴിഞ്ഞാൽ പി.ജി സീറ്റിന് അപേക്ഷിക്കാമെന്ന ഭേദഗതി ഇപ്പോൾ കൊണ്ടുവന്നിട്ടുണ്ടെന്നും സെൽഫ് ഫൈനാൻസ് മേഖലയിൽ കാരക്കോണം സി.എസ്.ഐ മെഡിക്കൽ കോളേജിനും കണ്ണൂർ മെഡിക്കൽ കോളേജിനും പി.ജി. കോഴ്സുകൾ അനുവദിച്ചത് 50 ശതമാനം സീറ്റുകൾ സർക്കാരിന്റെ പൊതുപ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലുള്ള ഗവൺമെന്റ് ലിസ്റ്റിൽ നിന്ന് എടുക്കാമെന്നുള്ള എഗ്രിമെന്റിന്റെ അടിസ്ഥാനത്തിലാണെന്നും ആരോഗ്യ

സർവ്വകലാശാലയുമായി ബന്ധപ്പെട്ട് ഒരു തരത്തിലുമുള്ള അനധികൃത നിയമ നങ്ങളോ ഗവൺമെന്റിന്റെ അനുമതി കൂടാതെയുള്ള അഫിലിയേഷനോ നടത്തിയിട്ടില്ലെന്നും ഹൈക്കോടതി വിധിയെത്തുടർന്ന് ഒരു സെൽഫ് ഫൈനാൻസിംഗ് മെഡിക്കൽ കോളേജിന് കൺസന്റ് ഓഫ് അഫിലിയേഷൻ കൊടുത്തിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

10 (*62) **<u>കൊച്ചി മെട്രോ റെയിൽ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ</u>**

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പു മന്ത്രി (ശ്രീ. എം. വിജയകുമാർ) നൽകിയ മറുപടിയിൽ, കൊച്ചി മെട്രോ റെയിൽ പദ്ധതി നടപ്പാക്കുന്നതിന് ഊർജ്ജിത ശ്രമങ്ങൾ നടത്തുന്നുണ്ടെന്നും പദ്ധതിക്ക് തത്വാധിഷ്ഠിത അംഗീകാരത്തിനായി മുഖ്യമന്ത്രിയുടെ നേതൃത്വ ത്തിൽ കേന്ദ്ര സർക്കാരുമായി നിരന്തരം സമ്പർക്കം പുലർത്തി വരുന്നുണ്ടെന്നും പ്രധാനമന്ത്രിക്കും ധനകാര്യമന്ത്രിക്കും നഗരവികസന മന്ത്രിക്കും ആസൂത്രണ കമ്മീഷനും മുഖ്യമന്ത്രിയും റെയിൽവേയുടെ ചുമതലയുള്ള മന്ത്രിയും നേരിട്ട് കത്തുകൾ അയയ്ക്കുകയും മുഖ്യ മന്ത്രിയുടെ നേതൃത്വത്തിലുള്ള സർവ്വകക്ഷി സംഘം പ്രധാനമന്ത്രിക്ക് നിവേദനം നൽകുകയും ചെയ്തിട്ടുണ്ടെന്നും  കേന്ദ്ര സർക്കാരിന്റെ തത്വാധി ഷ്ഠിത അംഗീകാരം ലഭിച്ചാലുടൻ തന്നെ പദ്ധതി പൂർണ്ണ തോതിൽ ആരംഭി ക്കാൻ കഴിയുമെന്നും സഭയെ അറിയിച്ചു.  കേന്ദ്ര സർക്കാരിന്റെ അനുവാദം ലഭിച്ച് ഇപ്പോൾ പദ്ധതി ആരംഭിച്ചാൽ 2013-2014-ൽ പൂർത്തിയാക്കാൻ കഴിയുന്നതാണ്.  ഡൽഹി മെട്രോ റെയിൽ പദ്ധതിയുടെ മാതൃകയിൽ രൂപ കൽപ്പന ചെയ്തിട്ടുള്ള കൊച്ചി മെട്രോ റെയിൽ  പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കും സ്ഥലമെടുപ്പിനും വേണ്ടി കേരള സർക്കാർ 158.68

കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും 2009-ൽ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ സമർപ്പിച്ച പുതുക്കിയ നിർദ്ദേശമനുസരിച്ച് 4427 കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നതെന്നും സ്ഥലമേറ്റെടുപ്പ്, ഫ്ളൈ ഓവർ, റോഡ് വൈഡനിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ച് കഴിഞ്ഞുവെന്നും പദ്ധതി നടപ്പാക്കുന്ന പ്രധാനപ്പെട്ട നോഡൽ ഏജൻസിയായ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷന്റെ (ഡി.എം.ആർ.സി) ഒരു ഓഫീസ് കൊച്ചിയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. കേരളത്തിലെ റെയിൽവേ ലൈൻ ഡബ്ലിംഗും ഇലക്ട്രിഫിക്കേഷനും സിഗ്നൽ സിസ്റ്റവും പൂർണ്ണ തോതിൽ പൂർത്തിയാക്കിയ ശേഷം എല്ലാ നഗരങ്ങളിലും സബർബൻ ട്രെയിൻ പദ്ധതി പ്രാവർത്തികമാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

## 11 (*63) <u>സ്പോർട്ട്സ് ക്വാട്ടയിൽ നിയമനം</u>

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പു മന്ത്രി നൽകിയ മറുപടിയിൽ, സർക്കാർ സർവ്വീസിൽ സ്പോർട്ട്സ് ക്വാട്ടയിൽ നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടെന്നും പബ്ലിക് സർവ്വീസിൽ സ്പോർട്സ് ക്വാട്ടാ നിയമനത്തിന്റെ ഭാഗമായി കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സർക്കാർ വിജ്ഞാപനത്തിലെ വ്യവസ്ഥകൾക്കനുസരിച്ചുള്ള വിദ്യാഭ്യാസ-കായിക രംഗങ്ങളിലെ നേട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് നിയമനം നടത്തുന്നതെന്നും സഭയെ അറിയിച്ചു. സ്പോർട്ട്സ് ക്വാട്ടാ നിയമനങ്ങൾ യൂണിവേഴ്സിറ്റികൾ ഉൾപ്പെടെയുള്ള മറ്റ് ഇതര സ്ഥാപനങ്ങളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. കായിക

താരങ്ങളുടെ സ്പോർട്ട് ക്വാട്ടാ നിയമനങ്ങളിൽ മുൻപന്തിയിൽ നിന്നിരുന്ന പോലീസ് വകുപ്പിലെ മുടങ്ങിക്കിടന്നിരുന്ന നിയമനങ്ങൾ പുനഃസ്ഥാപിക്കുകയും പത്ത് ശതമാനം സ്പോർട്ട് ക്വാട്ടാ നിയമനങ്ങൾ നടത്താനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. കായികതാരങ്ങളുടെ ജോലി, സംരക്ഷണം എന്നിവയ്ക്ക് സർക്കാർ മുന്തിയ പരിഗണനയാണ് നൽകുന്നത്. ജൂഡോ, കരാട്ടെ എന്നിവയിൽ മികവ് പുലർത്തുന്ന കായികതാരങ്ങൾക്കുക്കൂടി സ്പോർട്ട്സ് ക്വാട്ടയിൽ നിയമനം ലഭിക്കുന്നതിനും ജോലി ലഭിക്കാൻ കായികതാരങ്ങൾക്ക് അന്യസംസ്ഥാനത്ത് പോകേണ്ട അവസ്ഥ ഉണ്ടാകാതിരിക്കാനും നടപടി സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു. സ്പോർട്ട്സ് ക്വാട്ടയിലൂടെ 2006-08 വർഷങ്ങളിൽ പ്രതിവർഷം 20 ഒഴിവുകൾ വീതം 60 ഒഴിവുകളും 2009-ലെ 50 ഒഴിവുകളും ചേർത്ത് ആകെ 110 ഒഴിവുകൾ നികത്താനാണ് ഉദ്ദേശിക്കുന്നത്. ഇതിലേയ്ക്കായി രണ്ടായിരത്തിലധികം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. താമസംവിനാ പ്രസ്തുത നിയമനങ്ങൾ നടത്താനുള്ള നടപടികൾ എടുത്തുവരുന്നു. ഓരോ പൊതുമേഖലാ സ്ഥാപനത്തിലും ഓരോ സ്പോർട്ട്സ് ടീം രൂപീകരിക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ച് തുടങ്ങിയിട്ടുണ്ടെന്നും മലബാർ മേഖലയിൽ ഒരു വോളിബോൾ അക്കാഡമി സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും കായികതാരമായ മേഴ്സിക്കുട്ടന് കൊച്ചി നഗരത്തിലെ മരടിൽ വീട് വയ്ക്കുന്നതിന് 10 സെന്റ് സ്ഥലം നൽകാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. ദേശീയ സ്കൂൾ ഗെയിംസിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്നവർക്ക് യഥാക്രമം 25,000 രൂപ, 20,000 രൂപ, 15,000 രൂപ എന്ന നിരക്കിൽ വർദ്ധിപ്പിച്ച

പാരിതോഷികം നൽകാൻ തീരുമാനിക്കുകയും കുടിശ്ശിക തുക ഉൾപ്പെടെ മുഴുവൻ തുകയും വിതരണം ചെയ്യുകയും ചെയ്തുവെന്നും ഒരു ഉപചോദ്യത്തിൽ ഇടപെട്ടുകൊണ്ട് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി അറിയിച്ചു.

12 (*64) **റോഡ് സുരക്ഷാ അതോറിറ്റി**

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി നിലവിൽ വന്ന കേരള റോഡ് സുരക്ഷാ അതോറിറ്റി വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനായി അപകട സാദ്ധ്യതാ മേഖല (Accident Prone Area) യും അതീവ അപകട സാദ്ധ്യതാ മേഖലയും (Black Spots) കണ്ടെത്തുക, മാതൃകാ റോഡ് പദ്ധതി നടപ്പിലാക്കുക, റോഡ് സുരക്ഷാ ബോധവൽക്കരണം നടത്തുക, റോഡ് സുരക്ഷാ ക്ലബ്ബ് രൂപീകരിക്കുക, റോഡ് സുരക്ഷാ പ്രോജക്ടും ഗവേഷണവും നടത്തുക, ട്രോമോകെയർ സംവിധാനം ശക്തിപ്പെടുത്തുക, അപകടത്തിന് കാരണമായേക്കാവുന്ന പരസ്യ ബോർഡുകൾ നീക്കം ചെയ്യുക, അപകടാനന്തര അന്വേഷണം നടത്തുക എന്നീ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് സഭയെ അറിയിച്ചു. റോഡപകടങ്ങളെ സംബന്ധിച്ചുള്ള സ്ഥിതിവിവര കണക്കുകൾ വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 896 അപകട സാധ്യതാ മേഖലകളും (Accident Prone Area) 217 അതീവ അപകട സാധ്യതാ മേഖലകളും (Black Spots) ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത മേഖലകളിലെ അപകട കാരണം വ്യക്തമായി കണ്ടെത്തി അപകടങ്ങൾ കുറയ്ക്കുന്നതിലേക്കായി അനുയോജ്യമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക്

നിർദ്ദേശം നൽകുകയും ഇതിലേയ്ക്കായി 610 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ തെരഞ്ഞെടുത്ത ആറ് പാതകളെ അപകട വിമുക്ത മാതൃകാ റോഡുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത റോഡുകളെ ശാസ്ത്രീയമായ രീതിയിൽ സംവിധാനം ചെയ്യുകയും ട്രാഫിക് സിഗ്നൽ ലൈറ്റുകളും സൈൻ ബോർഡുകളും അനുയോജ്യമായ സ്ഥാനത്ത് സ്ഥാപിക്കുകയും സ്പീഡ് റഡാറുകൾ ഉപയോഗിച്ച് അമിത വേഗത കുറയ്ക്കുകയും ചെയ്ത് അപകടങ്ങൾ ഒഴിവാക്കുന്നതിന് പൊതുമരാമത്ത്, പോലീസ്, മോട്ടോർ വാഹനം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. റോഡ് സുരക്ഷാ അതോറിറ്റിയുടെ നിർദ്ദേശപ്രകാരം 149 അതീവ അപകട സാധ്യതാമേഖലകളിൽ ഹോം ഗാർഡുകളെ നിയമിച്ചിട്ടുണ്ടെന്നും 150 ആളുകളെ കൂടി നിയമിക്കുന്ന കാര്യം സർക്കാർ പരിഗണിച്ച് വരികയാണെന്നും മന്ത്രി അറിയിച്ചു. ടിപ്പർ ലോറികളിലെയും ചരക്ക് വാഹനങ്ങളിലെയും ഡ്രൈവർമാർക്ക് റോഡ് സുരക്ഷാ ബോധവൽക്കരണം നടത്തുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ടെലിവിഷൻ മാധ്യമങ്ങൾ വഴി ഫിലിമുകൾ സംപ്രേഷണം ചെയ്തും റേഡിയോ, അച്ചടി മാധ്യമങ്ങൾ തുടങ്ങി സാധ്യമായ മുഴുവൻ മാധ്യമങ്ങളെ ഉപയോഗിച്ചും റോഡ് സുരക്ഷയെപ്പറ്റി പൊതുജനങ്ങളെ ബോധവൽക്കരണം നടത്തിയും അച്ചടക്കമുള്ള ഒരു ട്രാഫിക് സംസ്ക്കാരം രൂപപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച്. നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. റോഡ് സുരക്ഷയെ സംബന്ധിച്ച് വിദ്യാർത്ഥികളിൽ അവബോധം ഉണ്ടാക്കുവാനും റോഡ് സുരക്ഷാ പ്രവർത്തനങ്ങളിൽ അവരെക്കൂടി പങ്കാളികളാക്കുവാനും കേരളത്തിലെ സ്ക്കൂളുകളിലും കോളേജുകളിലും റോഡ്

സുരക്ഷാ ക്ലബ്ബുകൾ രൂപീകരിക്കുകയും പ്രസ്തുത ക്ലബുകൾ കേരളത്തിലെ എല്ലാ സ്ക്കൂളുകളിലും കോളേജുകളിലും തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. ആലപ്പുഴ - മധുര, അമ്പലപ്പുഴ - തിരുവല്ല, അർത്തുങ്കൽ - ചെല്ലാനം എന്നീ റോഡുകളുടെ സേഫ്റ്റി ഓഡിറ്റ് നാറ്റ്പാക്കിന്റെ സഹായത്തോടെ കേരള റോഡ് സുരക്ഷാ അതോറിറ്റി ചെയ്തു കഴിഞ്ഞു. ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തുവാൻ ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് കേരള റോഡ് സുരക്ഷാ അതോറിറ്റി നടപടികൾ ആവിഷ്കരിച്ചുവരുന്നുവെന്നും ആംബുലൻസ് വാങ്ങുന്നതിനും കുറ്റിപ്പുറം, വടകര, പയ്യന്നൂർ, കായംകുളം, പത്തനംതിട്ട തുടങ്ങിയ കേന്ദ്രങ്ങളിൽ ട്രോമാകെയർ സെന്ററുകൾ ആരംഭിക്കുവാനും ആരോഗ്യ വകുപ്പിന് മതിയായ ഫണ്ട് അതോറിറ്റി അനുവദിച്ചിട്ടുണ്ടെന്നും, അപകടത്തിന് കാരണമായേക്കാവുന്ന പരസ്യ ബോർഡുകൾ നീക്കം ചെയ്യുന്നതിന് ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. അപകടം സംഭവിക്കുമ്പോൾ മൂന്നോ അതിൽ കൂടുതലോ വ്യക്തികൾ മരണപ്പെടുകയാണെങ്കിൽ, അപകടകാരണങ്ങൾ വ്യക്തമായി കണ്ടെത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ബന്ധപ്പെട്ട മേഖലയിലെ ഡിവൈ.എസ്.പി.യും മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറും അടങ്ങുന്ന കമ്മിറ്റിയെ അതോറിറ്റി നിയോഗിച്ചിട്ടുണ്ട്. 2008-ൽ പ്രവർത്തനം ആരംഭിച്ച കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ വിവിധ പ്രവർത്തനങ്ങൾ മൂലം വാഹനാപകടങ്ങൾ ചെറിയ തോതിൽ കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പോലീസ് വകുപ്പിന്റെ കണക്കനുസരിച്ച് 2009-ൽ 35433 വാഹനാപകടങ്ങളും 2010 ഒക്ടോബർ മാസം വരെ 29124 വാഹനാപകടങ്ങളും നടന്നിട്ടുണ്ട്.

വിവിധ വകുപ്പുകൾക്ക് റോഡു സുരക്ഷാ പ്രവർത്തനങ്ങൾ നടത്തുന്നതിനായി നാളിതുവരെ 2198.148 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും എല്ലാ റോഡുകളിലും ബസ് ബേകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പുമായി ആലോചിച്ച് നടപ്പിലാക്കി വരികയാണെന്നും മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 572 മുതൽ 877 വരെയുള്ള ചോദ്യങ്ങളിൽ 148 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)